# കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - ഷൊർണ്ണൂർ നഗരസഭയിലെ റിട്ട.സാനിട്ടേഷൻ വർക്കർ ശ്രീമതി.സി.ഗിരിജയ്ക്ക് ഒറ്റപ്പാലം വള്ളുവനാട് ആശുപത്രിയിൽ നടത്തിയ ചികിത്സയ്ക്ക് ചെലവായ തുക മെഡിക്കൽ റീ-ഇംബേഴ്സ്മെന്റായി അനുവദിക്കുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

================================================================

## തദ്ദേശ സ്വയംഭരണ (ഇ.യു) വകുപ്പ്

സ.ഉ.(സാധാ) നം. 720/2019/തസ്വഭവ                    തിരുവനന്തപുരം, തീയതി : 27/03/2019

പരാമർശം :
1) ശ്രീമതി.സി.ഗിരിജയുടെ 20/12/2012 തീയതിയിലെ മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ് അപേക്ഷ.
2) ഷൊർണ്ണൂർ നഗരസഭയുടെ 25/07/2013 തീയതിയിലെ 3-ാം നമ്പർ കൗൺസിൽ തീരുമാനം.
3) ഒറ്റപ്പാലം വള്ളുവനാട് ആശുപത്രിയിൽ നിന്നുള്ള 08/02/2017 തീയതിയിലെ ഡിസ്ചാർജ്ജ് / ട്രീറ്റ്മെന്റ് സാക്ഷ്യപത്രം.
4) പാലക്കാട് ജില്ലാ മെഡിക്കൽ ഓഫീസറുടെ 30/11/2018 തീയതിയിലെ സി3/9663/2018 നമ്പർ കത്ത്.
5) ഷൊർണ്ണൂർ നഗരസഭാ സെക്രട്ടറിയുടെ 20/08/2013, 06/02/2017, 29/01/2018, 24/02/2018, 31/03/2018 തീയതികളിലെ പിഎച്ച്1/4478/07 നമ്പർ കത്തുകൾ.
6) നഗരകാര്യ ഡയറക്ടറുടെ 16/02/2017, 10/01/2019 തീയതികളിലെ ഡിസി1-10698/2013 നമ്പർ കത്തുകൾ.

## ഉത്തരവ്

ഷൊർണ്ണൂർ നഗരസഭയിലെ റിട്ട.സാനിട്ടേഷൻ വർക്കർ ശ്രീമതി.സി.ഗിരിജ 16/10/2012 തീയതിയിൽ എസ്.ഐ.എസ്.ഐ സെന്ററിൽ സ്ഥാപിച്ചിട്ടുള്ള ബയോഗ്യാസിൽ ജോലി ചെയ്തുകൊണ്ടിരിക്കെ വാൾ തട്ടി ഇടതുകൈയ്യിൽ ആഴത്തിൽ മുറിവേൽക്കുകയും ഷൊർണ്ണൂർ സർക്കാർ ആശുപത്രിയിൽ നിന്ന് റഫർ ചെയ്തതനുസരിച്ച് ഒറ്റപ്പാലത്തെ സ്വകാര്യ ആശുപത്രിയായ വള്ളുവനാട് ആശുപത്രിയിൽ നടത്തിയ ചികിത്സയ്ക്ക് ചെലവായ 10,361.52/- രൂപ മെഡിക്കൽ റീ - ഇംബേഴ്സ്മെന്റായി അനുവദിക്കുന്നത് സംബന്ധിച്ചുള്ള പരാമർശം ഒന്ന് പ്രകാരം അപേക്ഷ, പരാമർശം ആറ് പ്രകാരം നഗരകാര്യ ഡയറക്ടർ സർക്കാരിൽ ലഭ്യമാക്കിയിരുന്നു.

2) ഷൊർണ്ണൂർ നഗരസഭയിലെ റിട്ട.സാനിട്ടേഷൻ വർക്കർ ശ്രീമതി.സി.ഗിരിജയുടെ പാരമർശം (1) പ്രകാരമുള്ള മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ് അപേക്ഷയിന്മേൽ 4,310/- രൂപ (നാലായിരത്തി മുന്നൂറ്റി പത്ത് രൂപാ മാത്രം) അനുവദനീയമാണെന്ന് പരാമർശം (4) പ്രകാരം പാലക്കാട് ജില്ലാ മെഡിക്കൽ ഓഫീസർ റിപ്പോർട്ട് ചെയ്തിരുന്നു.

3) പരാമർശം (4) പ്രകാരമുള്ള പാലക്കാട് ജില്ലാ മെഡിക്കൽ ഓഫീസറുടെ കത്തിന്റെ അടിസ്ഥാനത്തിൽ സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കെ.ജി.എസ്.എം.എ റൂൾസ് 1960 മുനിസിപ്പൽ കോമൺ സർവ്വീസ് ജീവനക്കാർക്കും ബാധകമാക്കിയിട്ടുള്ളതിനാൽ ഷൊർണ്ണൂർ

നഗരസഭയിലെ റിട്ട.സാനിട്ടേഷൻ വർക്കർ ശ്രീമതി.സി.ഗിരിജയ്ക്ക് ഒറ്റപ്പാലം വള്ളുവനാട് ആശുപത്രിയിൽ ചികിത്സ നടത്തിയതിലേയ്ക്ക് ചെലവായ തുകയായ 4,310/- രൂപ (നാലായിരത്തി മുന്നൂറ്റി പത്ത് രൂപാ മാത്രം), പ്രസ്തുത മെഡിക്കൽ ബില്ലുകളുടെ വാസ്തവികത, അർഹത, കൃത്യത എന്നിവ നഗരകാര്യ ഡയറക്ടർ, ഷൊർണ്ണൂർ നഗരസഭാ സെക്രട്ടറി എന്നിവർ പരിശോധിച്ച് ഉറപ്പ് വരുത്തണമെന്ന വ്യവസ്ഥയിലും, ടി തുക ഷൊർണ്ണൂർ നഗരസഭയുടെ തനത് ഫണ്ടിൽ നിന്നും വിനിയോഗിക്കണമെന്ന വ്യവസ്ഥയിലും, കേരള ഗവണ്മെന്റ് എംപ്ലോയീസ് മെഡിക്കൽ അറ്റൻഡൻസ് റൂൾസ് 1960 ബാധകമാക്കിയ 1998 ലെ കേരള മുൻസിപ്പാലിറ്റീസ് (എംപ്ലോയീസ് മെഡിക്കൽ അറ്റൻഡന്റ്സ്) റൂൾ പ്രകാരം മെഡിക്കൽ റീ-ഇംബേഴ്സ്മെന്റായി അനുവദിക്കുന്നതിന് നഗരകാര്യ ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**(ഗവർണറുടെ ഉത്തരവിൻ പ്രകാരം)**
**എ സ്.മോഹൻദാസ്**
**അഡീഷണൽ സെക്രട്ടറി**

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
(മെഡിക്കൽ ബില്ലുകളും അനുബന്ധരേഖകളും ഉൾപ്പെടെ)
സെക്രട്ടറി, ഷൊർണ്ണൂർ നഗരസഭ
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
(ഈ ഉത്തരവ് വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിനായി)
കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ